പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1537 | 01-11-2019-ലെ മറുപടിയ്ക്ക്

**കർഷക സാന്ത്വനം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.കെ.വി. വിജയദാസ്<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീമതി.യു. പ്രതിഭ</td><td colspan="2">ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് പ്രളയത്തിൽ കൃഷിനാശം സംഭവിച്ച് ദുരിതത്തിലായ കർഷകരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽക്കുന്നതിന് എല്ലാ ജില്ലകളിലും കർഷക സാന്ത്വനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;</td><td>(എ)</td><td>തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ മാത്രമാണ് കർഷക സാന്ത്വനം സംവിധാനം നടപ്പിലാക്കിയത്.കൂടാതെ എറണാകുളം ജില്ലയിൽ അഗ്രിക്കൾച്ചർ ഓഫീസർമാരുടെ സംഘടനയുടെ സഹകരണത്തോട് കൂടിയും ഇത്തരമൊരു പരിപാടി നടപ്പാക്കിയിരുന്നു.</td></tr>
<tr><td>(ബി)</td><td>ഉൽപ്പന്നങ്ങൾ കർഷകരിൽനിന്ന് നേരിട്ട് ശേഖരിക്കുന്നതിനും അവയ്ക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;</td><td rowspan="2">(ബി)<br>&<br>(സി)</td><td rowspan="2">തൃശ്ശൂർ ജില്ലയിൽ കർഷക സാന്ത്വനം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിപണി സ്റ്റാൾ ഒരുക്കുകയും കർഷകരിൽ നിന്ന് നേരിട്ട് മാർക്കറ്റ് വിലയേക്കാൾ അഞ്ച് ശതമാനം അധികവില നൽകി ഉല്പന്നങ്ങൾ സംഭരിക്കുകയും വിപണിവിലയ്ക്ക് വിപണനം നടത്തുകയും ചെയ്തിട്ടുണ്ട്.<br>വയനാട്ടിലെ പ്രളയദുരിതം മൂലം ബുദ്ധിമുട്ടിലായ കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് ഹോർട്ടികോർപ്പ് സംഭരിച്ച് കോഴിക്കോട് ജില്ലയിൽ വിപണികൾ വഴി വിറ്റഴിക്കുകയുണ്ടായി. ഇതിനായി ഹോർട്ടികോർപ്പിന്റെ 5 മെയിൻ സ്റ്റാളുകളും 24 ഫ്രാഞ്ചൈസി സ്റ്റാളുകളും കൃഷി വകുപ്പിന്റെ 2 സ്റ്റാളുകളും 3 ദിവസം പ്രവർത്തിക്കുകയുണ്ടായി. ടി വിപണികളിലൂടെ ഉല്പന്നങ്ങൾ വിറ്റഴിച്ചതിലൂടെ ലാഭം ഉണ്ടായിട്ടില്ല.</td></tr>
<tr><td>(സി)</td><td>വില്പനയിലൂടെ ലഭിക്കുന്ന ലാഭം കർഷകർക്ക് തിരികെ നൽകുന്ന രീതിയിലാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ